**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1123** **15-10-2026-ൽ മറുപടിയ്ക്ക്**

**ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോന്നി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ചിറ്റൂർ കടവ്, ഐരവൺ, ആവണിപ്പാറ, കരിമാൻതോട് പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**മറുപടി: ചിറ്റൂർ കടവ് പാലം**

ചിറ്റൂർ കടവ് പാലം നിർമ്മാണപ്രവൃത്തി 30-05-2026 ന് കരാറുകാരനായ ശ്രീ. ജോസ് തോമസിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി സ്ഥലത്തെ KSEB പോസ്റ്റുകൾ ഭാഗികമായി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. പൈൽ പോയിന്റുകളുടെ setting out പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1) വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുകയും, സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി Expert committee meeting കഴിഞ്ഞിട്ടുണ്ട്.

**ഐരവൺ പാലം**

പ്രവൃത്തി നിലവിൽ 65% പൂർത്തീകരിച്ചിട്ടുണ്ട്. പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ്, ലാൻഡ് സ്പാൻ , അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തി, ഗർഡർ പ്രവൃത്തികൾ, deck slab നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1), 11(1) വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു.

**ആവണിപ്പാറ പാലം**

ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തി 15-05-2026 ൽ കരാറുകാരന് കൈമാറിയിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ കോൺക്രീറ്റ് മിക്സ് ഡിസൈൻ നിലവിൽ തയ്യാറാക്കിവരികയാണ്. പാലത്തിന്റെ setting out പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കരിമാൻതോട് പാലം**

03-07-2025 -ൽ കരാറുകാരന് സൈറ്റ് കൈമാറിയെങ്കിലും നാളിതുവരെയായി പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു കൊണ്ട് കരാറുകാരന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ല. കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ WP(C) No. 26046/2026 ഫയൽ ചെയ്തിട്ടുണ്ട്. ആയത് ബഹു. കോടതിയുടെ പരിഗണനയിലാണ്.

**(ബി)** പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മലയാലപ്പുഴ റോഡുകൾ, അളിയൻ മുക്ക്-കൊച്ചു കോയിക്കൽ റോഡ്, കലഞ്ഞൂർ-പാടം റോഡ്, പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡ്, ആനയടി-കൂടൽ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മലയാലപ്പുഴ റോഡുകളിൽ 12 വില്ലേജ് റോഡുകൾക്ക് ബഡ്ജറ്റ് 2025-26 -ൽ ഉൾപ്പെടുത്തി 04-11-2025 ലെ സ.ഉ(സാധാ)നം.1674/2025/PWD പ്രകാരം ₹1596 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . പ്രവൃത്തിക്കായുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. അളിയൻമുക്ക് - കൊച്ചുകോയിക്കൽ റോഡിന് (ചെ. 0/000 - 9/500) നബാർഡ് സ്കീമിൽ 14-01-2022 ലെ സ.ഉ(സാധാ)നം. 49/2022/PWD പ്രകാരം ₹1200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പുരോഗമിക്കുകയുമാണ്. 31-12-2026 - ഓട് കൂടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>ആനയടി – കൂടൽ റോഡ്</u>**

പ്രസ്തുത പ്രവൃത്തിക്ക് ₹40 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, KIIFB യിൽ നിന്നും ₹144.41 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 06-06-2019 ൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി നിലവിൽ 90% പൂർത്തിയായിട്ടുണ്ട്. മുഴുവൻ സ്ട്രെച്ചും (പഴകുളം പാലത്തിന്റെ അപ്രോച്ച് റോഡ് ഒഴികെ) DGBM പൂർത്തീകരിച്ചു യാത്രായോഗ്യമാക്കിയിട്ടുണ്ട്. KWA റെസ്റ്റോറേഷൻ, BC എന്നിവയാണ് ശേഷിക്കുന്ന പ്രവൃത്തികൾ. പഴകുളം പാലത്തിനായി പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതും, പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ടോപോഗ്രാഫിക് സർവേ പൂർത്തിയാക്കി ടെൻഡർ നടപടികൾക്കാവശ്യമായ PED തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ KIIFB-TRC വിഭാഗത്തിൽ പുരോഗമിക്കുന്നു.

**<u>അച്ചൻകോവിൽ – പ്ലാപ്പള്ളി റോഡ്</u>**

പ്രസ്തുത പ്രവൃത്തിക്ക് ₹25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, KIIFB യിൽ നിന്നും ₹43.41 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്.

Stretch 1-Kadampupara Jn മുതൽ Kalleli Bridge വരെ (15.88 കി. മീ)

ഫോറസ്റ്റിയിൽ നിന്ന് ലഭിച്ച NOC അനുസരിച്ച് ലഭ്യമായ ROW പ്രകാരമുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് KIIFB-ലേക്ക് അംഗീകാരത്തിനും ഫണ്ടിംഗ് സാങ്ക്ഷനും വേണ്ടി സമർപ്പിച്ചിരുന്നു. എന്നാൽ, ഈ ഭാഗം വനമേഖലയിലൂടെ കടന്നുപോകുന്നതിനാൽ, Stretch 1 ന്റെ പ്രവൃത്തി തത്ക്കാലം മാറ്റിവക്കുവാൻ KIIFB തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

Stretch 2 - Neelipilavu Tile Road

ടി പ്രവൃത്തിക്ക് ₹6.58 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Stretch 3 & 4 Thannithode-Chittar Road & Urumbini-Valupara Road & Seethathodu Bridge പുനർനിർമ്മാണം

ടി പ്രവൃത്തിക്കായി 06-07-2024 തീയതിയിൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. സീതത്തോട് പാലത്തിന്റെയും ഉറുമ്പിനി പാലത്തിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 68% പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ശേഷിക്കുന്ന പ്രവൃത്തികൾ 31-03-2027 ന് മുൻപായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>കലഞ്ഞൂർ - പാടം റോഡ് നവീകരണം</u>

പ്രസ്തുത പ്രവൃത്തിക്ക് ₹15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും KIIFB യിൽ നിന്നും ₹23.85 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. റോഡിന്റെ BM, BC പ്രവൃത്തികൾ ഭാഗികമായി 2022-ൽ പൂർത്തിയാക്കിയെങ്കിലും, പ്രവൃത്തി മന്ദഗതിയിലായതിനെ തുടർന്ന് ആദ്യ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ബാലൻസ് പ്രവൃത്തികൾക്കായി ₹5.64 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പുതിയ കരാർ നൽകി 14-03-2025-ന് സൈറ്റ് കൈമാറിയിട്ടുണ്ട്. നിലവിൽ സൈഡ് കോൺക്രീറ്റ്, ഐറിഷ് ഡ്രെയിൻ തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുന്നു; പുന്നമൂട്-പാടം ഭാഗത്തെ GSB, WMM പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പാടം ഭാഗത്തെ KWA പൈപ്പ്ലൈനുകളും KSEB പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് തുകകൾക്ക് KIIFB അനുമതി നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനം ആരംഭിച്ച പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവഹണം നടത്തുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** അനുബന്ധം ആയി നൽകുന്നു.

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം</u>

| ക്രമ നമ്പർ | മണ്ഡലം | പ്രവൃത്തിയുടെ പേര് | തുക (₹) | പുരോഗതി |
|---|---|---|---|---|
| 1 | കോന്നി | ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ് - ചിറ്റാറിൽ അമ്മയ്ക്കും കുഞ്ഞിനും ആശുപത്രിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം | 100 L | 67% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കോന്നി | (വാർഷിക പദ്ധതി 2021-2022) പേരൂർക്കുളം ഗവ. എൽ.പി.എസ്സിന് പുതിയ കെട്ടിട നിർമ്മാണം | 150 L | 14/07/2026-ൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കോന്നി | വാർഷിക പദ്ധതി 2023-2024 - കലഞ്ഞൂർ ഗവ. എച്ച്.എസ്.എസിന് പുതിയ കെട്ടിട നിർമ്മാണം | 200 L | 12/03/2026-ൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കോന്നി | വാർഷിക പദ്ധതി 2025-2026 - തേക്കുതോട് ഗവ. എച്ച്.എസ്.എസിന് പുതിയ കെട്ടിട നിർമ്മാണം | 100 L | Column Steel പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | കോന്നി | കൈപ്പട്ടൂർ ഗവ. എച്ച്.എസ്.എസിന് പുതിയ കെട്ടിട നിർമ്മാണം | 100 L | Column Raising പ്രവൃത്തി പുരോഗമിക്കുന്നു. |
| 6 | കോന്നി | വയല വടക്ക് ഗവ. എൽ.പി.എസ്സിന് പുതിയ കെട്ടിട നിർമ്മാണം | 100 L | സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | കോന്നി | വാർഷിക പദ്ധതി 2023-2024 - പാടം ഗവ. എൽ.പി.എസ്സിന് പുതിയ കെട്ടിട നിർമ്മാണം | 100 L | സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. |
| 8 | കോന്നി | നബാർഡ് - ട്രാഞ്ചെ 27 | 762.80 L | 85% പ്രവൃത്തി |

| ക്രമ നമ്പർ | മണ്ഡലം | പ്രവൃത്തിയുടെ പേര് | തുക (₹) | പുരോഗതി |
|---|---|---|---|---|
| | | – മലയാലപ്പുഴ എഫ്.എച്ച്.സി.ക്ക് പുതിയ കെട്ടിട നിർമ്മാണം | | പൂർത്തീകരിച്ചു. |
| 9 | കോന്നി | നബാർഡ് - ട്രാഞ്ചെ 27 – കൂടൽ എഫ്.എച്ച്.സി.ക്ക് പുതിയ കെട്ടിട നിർമ്മാണം | 662.16 L | 93% പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | കോന്നി | MLA ADF 2018-19 -ഗവ. കോന്നി താലൂക്ക് ഹോസ്പിറ്റലിന് പുതിയ കെട്ടിട നിർമ്മാണം | 750 L | 98% പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | കോന്നി | കോന്നി ഐരവൺ വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം | 45 L | പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള ലേലം സ്ഥിരീകരിക്കുകയു ം, കെട്ടിടം പൊളിക്കുന്നതിനു ള്ള നടപടികൾ സ്വീകരിച്ചുവരികയു മാണ്. |
| 12 | കോന്നി | മൈലപ്ര മാർക്കറ്റ് നവീകരണവും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും | 300 L | സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരു ന്നു. |
| 13 | കോന്നി | പൂങ്കാവ് മാർക്കറ്റ് നവീകരണവും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും | 500 L | ഡിസൈൻ തയ്യാറാക്കിവരു ന്നു. |
| 14 | കോന്നി | കലഞ്ഞൂർ കൺവെൻഷൻ സെന്ററിന് പുതിയ കെട്ടിട നിർമ്മാണം | 300 L | നിലവിൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരി ക്കുന്ന സ്ഥലം IHRD-ക്ക് പാട്ടത്തിന് കൊടുത്തിരിക്കുക യാണ്. ആയതിനാൽ NOC ലഭ്യമായിട്ടില്ല. |
| 15 | കോന്നി | കൂടൽ വി.എച്ച്.എസ്.എസിന് പുതിയ കെട്ടിട | 75 L | ഭരണാനുമതി പുതുക്കുന്നതിനായി AS അതോറിറ്റിക്ക് |

| ക്രമ നമ്പർ | മണ്ഡലം | പ്രവൃത്തിയുടെ പേര് | തുക (₹) | പുരോഗതി |
|---|---|---|---|---|
| | | നിർമ്മാണം | | കത്ത് നൽകിയിട്ടുണ്ട് |